**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1916** **12-09-2023 - ൽ മറുപടിയ്ക്ക്**

**മാതൃജ്യോതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാം; എത്രപേർ ഇതിന്റെ ഗുണഭോക്താക്കളായി എന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന പുതിയ പദ്ധതികളും എത്ര പേർ ഇതിന്റെ ഗുണഭോക്താക്കളായി എന്നത് സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധ**മായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് മാതൃജ്യോതി പദ്ധതി പ്രകാരം എത്ര പേർക്ക് ധനസഹായം നൽകിയെന്നും ആയതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ? | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ മാതൃജ്യോതി പദ്ധതിയുടെ ഭാഗമായി 76 ഗുണഭോക്താക്കൾക്കായി 10,92.162/- രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 80 ഗുണഭോക്താക്കൾക്കായി 21,85,031/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ നിലവിൽ വന്ന ശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പുതുതായി ആരംഭിച്ച പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**ശ്രേഷ്ഠം പദ്ധതി** - കലാ-കായിക ഇനങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്ന ഭിന്നശേഷിക്കാരുടെ ഉന്നമനം ആണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് സ്വന്തം കഴിവുകൾ, അഭിരുചികൾ എന്നിവ വികസിപ്പിക്കാൻ സാധിക്കാതെ വീട്ടിൽ ഒതുങ്ങിക്കഴിയുന്ന അവസ്ഥ ഒഴിവാക്കി മികച്ച നേട്ടങ്ങൾ കൈവരിച്ച് അവരെ സമൂഹത്തിന്റെ ഭാഗമായി ഉയർത്തിക്കൊണ്ട് വരുന്നതിനായി കലാ കായിക മേഖലകളിൽ, അഭിരുചിയും പ്രാവീണ്യവും ഉള്ള ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവരുടെ കഴിവ് / കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്തെ/രാജ്യത്തെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും, പരിശീലനം നേടുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് ശ്രേഷ്ഠം. ഭിന്നശേഷിക്കാരായ രണ്ട് വ്യക്തികൾക്ക് ടി പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട് .

**"സ്നേഹയാനം" പദ്ധതി** - നാഷണൽ ട്രസ്റ്റ് നിയമത്തിൽ ഉൾപ്പെടുന്ന ഓട്ടിസം /സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസബിലിറ്റി എന്നിവ ബാധിച്ച ഭിന്നശേഷിക്കാരുടെ നിർധനരായ അമ്മമാർക്ക് സ്ഥിരമായ ഒരു ഉപജീവനം കണ്ടെത്തുന്നതിനായി സൗജന്യമായി ഇലക്ട്രിക് ഓട്ടോ നൽകുന്ന പദ്ധതിയാണ് സ്നേഹയാനം പദ്ധതി. നിലവിൽ വിവിധ ജില്ലകളിൽ നിന്നായി ആകെ 2 4 അമ്മമാർക്ക് ഇലക്ട്രിക് ഓട്ടോ നൽകിയിട്ടുണ്ട്.

**പ്രിയാ ഹോം** - മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി കൊല്ലം ജില്ലയിലെ കൊട്ടരക്കര താലൂക്കിൽ വെളിയം വില്ലേജിൽ പ്രിയാ ഹോം (സ്ത്രീകൾ) എന്ന ക്ഷേമ സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പ്രതീക്ഷ ഭവനെ മാതൃകാ സ്ഥാപനമാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

മാനസിക വെല്ലുവിളികൾ നേരിടുന്ന പുരുഷൻമാരുടെ പുനരധിവാസത്തിനായി സാമൂഹ്യ നീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏക സ്ഥാപനമാണ് മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവർത്തിക്കുന്ന **പ്രതീക്ഷ ഭവൻ.** ടി സ്ഥാപനത്തിന്റെ നവീകരണ പ്രവർത്തനങ്ങളും, അടിസ്ഥാന സൗകര്യ, വികസന പ്രവർത്തനങ്ങളും നടത്തി മാതൃക സ്ഥാപനമാക്കി ഉയർത്തുന്നതിന് 01/06/2021 ലെ സ.ഉ (സാധാ) നം 377/2021/സാനീവ പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ Hindusthan Latex Family Promotion Trust (HLFPPT) മുഖേന നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ കാലയളവ് മൂന്ന് വർഷമാണ്.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം നല്കുന്ന **"കരുതൽ പദ്ധതി"**

സ്വന്തം കുടുംബങ്ങളിൽ നിന്ന് അസ്തിത്വത്തിന്റെ പേരിൽ പുറത്താകപ്പെട്ട് ഒറ്റപ്പെട്ട് കഴിയുന്ന നിരാലംബരായ ട്രാൻസ്ജെൻഡർ വ്യക്തികൾ ദൈനംദിന ജീവിതത്തിൽ നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. ലിംഗമാറ്റ ശസ്ത്രക്രിയയുടെ ഭാഗമായും, ഹോർമോൺ ചികിത്സകൾ തുടർന്നു വരുന്ന സാഹചര്യത്തിലും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇത്തരം വ്യക്തികൾ വിധേയരാകുന്നുണ്ട്. ശസ്ത്രക്രിയയിലെ പിഴവുകൾ മൂലം സംഭവിക്കുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയാതെ നിരവധി ആത്മഹത്യകൾ സംസ്ഥാനത്ത് സംഭവിക്കുകയും പൊതുജന ശ്രദ്ധയിൽപ്പെടുകയും ചെയ്യുന്നുണ്ട്. ഇത്തരം പ്രതിസന്ധികൾ, അപകടങ്ങൾ, പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ ഉടൻ പരിഹാരം കണ്ടെത്തുന്നതിനാണ് കരുതൽ പദ്ധതി നടപ്പിലാക്കുന്നതിനു 2021-22 ൽ ഭരണാനുമതി ലഭ്യമായിരുന്നു.

ഒരു ജില്ലക്കു ഒരു ലക്ഷം രൂപ എന്ന ക്രമത്തിലാണ് തുക. അനുവദിക്കുന്നത് . അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 25,000/-രൂപ ജില്ലാസാമൂഹ്യനിതി ഓഫീസർക്ക് തന്നെ അനുവദിച്ച നൽകാവുന്നതാണ്.

ഇതുവരെ 4 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്ന **"യത്നം പദ്ധതി"**

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പൊതുനിയമനങ്ങളിൽ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന്റെ ഭാഗമായും സാമ്പത്തിക ശാക്തീകരണം ലക്ഷ്യമാക്കിയും വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായി വിവിധ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുന്നതിന് ധനസഹായം അനുവദിക്കുന്ന യത്നം പദ്ധതി 2022-23 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേന്ദ്ര-സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകാവുന്നതാണ്. ഇതുവരെ 5 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

**ക്രൈസിസ് ഇന്റർവെൻഷൻ സെന്റർ**

ട്രാൻസ് ജെൻഡർ വ്യക്തികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ അടിയന്തിര ഇടപെടലുകൾ നടത്തി ഉടൻ പരിഹാരം കണ്ടെത്തുന്നതിനായി വകുപ്പിന്റെ മേൽനോട്ടത്തിൽ ആധുനിക വിവര സാങ്കേതിക സജ്ജീകരണങ്ങളുള്ള ഒരു ക്രൈസിസ് ഇന്റർ വെൻഷൻ സെന്റർ എറണാകുളം ജില്ലയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ഭരണാനുമതി ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. ക്രൈസിസ് സെന്റർ ആരംഭിയ്ക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു.

**മിത്രം പദ്ധതി. പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം**

പ്രൊബേഷൻ ഗുണഭോക്താക്കളായ മുൻ തടവുകാർ. പ്രൊബേഷണർമാർ, തടവുകാരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്, കുട്ടികൾ ഇവരുടെ സംരക്ഷണത്തിൽ കഴിയുന്ന അവിവാഹിതയായ സഹോദരി), യുവകുറ്റാരോപിതർ, അതിക്രമത്തിനിരയായി ഗുരുതരമായി പരിക്കേറ്റവർ/ മരണപ്പെട്ടവർ അവരുടെ ആശ്രിതർ (ഭാര്യ, ഭർത്താവ്, കുട്ടികൾ, ഇവരുടെ സംരക്ഷണത്തിൽ കഴിയുന്ന അവിവാഹിതയായ സഹോദരി എന്നിവർക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ പരിശീലനം നൽകുകയും അതുവഴി ജോലി ഉറപ്പാക്കുകയോ അല്ലെങ്കിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു പ്രാപ്തരാക്കുകയോ ചെയ്യുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് "മിത്രം". 2022-23 സാമ്പത്തിക വർഷം മിത്രം പദ്ധതിയിൻ കീഴിൽ 47 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

**ഹോം ബെയ്സ്ഡ് ജെറിയാട്രിക്ക് കെയർ സേവനം സംബന്ധിച്ച പദ്ധതി**

സാമൂഹികനീതി വകുപ്പ്, സംസ്ഥാന ആസൂത്രണബോർഡ്, NISH എന്നിവരുടെ സഹകരണത്തോടെ വയോജന മേഖലയിൽ സേവനം നടത്തുന്ന സ്ഥാപനങ്ങളുടെ വിവര ശേഖരണം, പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം, ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ജെറിയാട്രിക് കെയർ ഗിവർ മാർക്ക് പരിശീലനം, വയോജനങ്ങൾക്ക് കൗൺസിലിംഗ്, തെറാപ്പിക്ക് സേവനം എന്നിവ ഓൺലൈൻ ആയി നൽകുന്ന സമഗ്ര പദ്ധതി. 2023-24 വർഷം പദ്ധതിക്കായി 46.14 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**വയോരക്ഷ പദ്ധതി** - ആരുടെയും തുണയും കരുതലും സഹായവുമില്ലാതെ ജീവിക്കുന്നതും ശാരീരികമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതും, പങ്കാളികൾ മരണപ്പെട്ട് ഒറ്റയ്ക്ക് ജീവിക്കുന്നതുമായ മുതിർന്ന പൗരൻമാർക്ക് അടിയന്തിര വൈദ്യ സഹായം നൽകുക, വയോജനങ്ങളുടെ പുനരധിവാസം ഉറപ്പുവരുത്തുക, സാമൂഹിക സാമ്പത്തിക ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സമൂഹത്തിലെ മുതിർന്ന പൗരൻമാർക്ക് അടിയന്തിര സാഹചര്യങ്ങളിൽ സഹായം എത്തിക്കുക, അടിയന്തിര പ്രാഥമിക ശസ്ത്രക്രിയ,
ആംബുലൻസ് സേവനം, പുനരധിവാസം കെയർഗിവർമാരുടെ സേവനം, വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ വാങ്ങുക എന്നീ ഉദ്ദേശങ്ങളോടു കൂടി 2021-22 സാമ്പത്തിക വർഷം മുതൽ നടപ്പാക്കുന്ന പദ്ധതിയാണ് വായോ രക്ഷ പദ്ധതി. 196 ഗുണഭോക്താക്കൾക്കു സംസ്ഥാനത്ത് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

**ബോധി പദ്ധതി:** എറണാകുളം ജില്ലയെ, രാജ്യത്തെ ആദ്യത്തെ ഡിമെൻഷ്യ ഫ്രണ്ട്ലി ജില്ലയാക്കി

മാറ്റുന്നതിനുള്ള പദ്ധതി, എറണാകുളം ജില്ലാ ഭരണകൂടവും കൊച്ചിൻ യൂണിവേഴ്സിറ്റി ഫോർ സയൻസ് & ടെക്നോളജിയും ചേർന്ന് സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. 1.5 കോടി രൂപ കണക്കാക്കി മൂന്ന് വർഷ പദ്ധതിയായി വിഭാവനം ചെയ്തിട്ടുള്ള ബോധി പദ്ധതിയുടെ 50 ലക്ഷം രൂപ ചെലവഴിച്ചുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

**വയോസേവന അവാർഡ്** - വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വയോജനങ്ങളെ ആദരിക്കുന്നതിനും വയോജന സേവന രംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തുന്ന സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി ആരംഭിച്ച പദ്ധതി.

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുക, ആവശ്യമായ ഇടപെടലുകളിലൂടെ ഭിന്നശേഷി പരിപാലന പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് **കേരള സാമൂഹ്യ സുരക്ഷാമിഷൻ , സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന നടപ്പിലാക്കി വരുന്നത്.** ഈ സർക്കാർ നിലവിൽ വന്ന ശേഷം പുതുതായി ആരംഭിച്ച പദ്ധതികൾ താഴെ പറയുന്നു.

**1. ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ ഗവ.മെഡിക്കൽ കോളേജ്. തിരുവനന്തപുരം**

കേൾവി പ്രശ്നം സ്ഥിതീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനും, ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റേഷനു മുൻപും ശേഷമുള്ള ഹാബിലിറ്റേഷൻ തെറാപ്പികൾ നൽകുന്നതിനുമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആധുനിക സജ്ജീകരണങ്ങളോടെയുള്ള ആഡിറ്ററി വെർബൽ തെറാപ്പി കേന്ദ്രം 2023 മാർച്ച് മാസത്തിൽ ആരംഭിച്ചിട്ടുണ്ട്.

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച കാതോരം എന്ന ഒരു സമഗ്ര പദ്ധതിയുടെ ഭാഗമായിട്ടാണ് മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. പ്രതിമാസം ശരാശരി 500-600 കുട്ടികൾക്ക് ഈ കേന്ദ്രത്തിലൂടെ സേവനം ലഭ്യമാക്കുന്നു.

**2.ഹോർട്ടികൾച്ചർ തെറാപ്പി -പടന്നക്കാട്. കാസർഗോഡ്**

ഭിന്നശേഷി പരിപാലനവുമായി ബന്ധപ്പെട്ട നൂതന ഇടപെടലുകൾ നടത്തുന്നതിന്റെ ഭാഗമായി ഹോർട്ടികൾച്ചർ തെറാപ്പിയിലൂടെ ഭിന്നശേഷി പരിപാലനം കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ കോളേജിലെ വെള്ളായണി കാർഷിക കമ്മ്യൂണിറ്റി സയൻസ് വിഭാഗം വഴി നടപ്പിലാക്കി വന്നിരുന്ന പദ്ധതി 2023 മെയ് മാസം കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 55 ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ 18 വയസിന് മുകളിലുള്ള 20 ഭിന്നശേഷിക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. മിഠായി പദ്ധതി - സാറ്റലൈറ്റ് സെന്റർ

സാമൂഹ്യ നീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ടൈപ്പ് 1 പ്രമേഹം ബാധിച്ച കുട്ടികൾക്കും കൗമാരകാർക്കും പരിചരണം നല്കുന്നതിന് ആരംഭിച്ച സമഗ്ര സാമൂഹികാധിഷ്ഠിത പദ്ധതിയാണ് മിഠായി. നിലവിൽ 1470 കുട്ടികൾക്ക് മിഠായി പദ്ധതി കൈത്താങ്ങായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന മിഠായി ക്ലിനിക്കുകൾ മുഖേനെയാണ് മിഠായി പദ്ധതിയിലെ അംഗങ്ങളായ കുട്ടികൾക്ക് മരുന്നും മറ്റു ചികിത്സ ഉപകരണങ്ങളും നൽകിയിരുന്നത്. എന്നാൽ മിഠായി പദ്ധതിയുടെ സേവനം ലഭ്യമല്ലാതിരുന്ന മറ്റു 9 ജില്ലകളിൽ കൂടി മിഠായി സാറ്റലൈറ്റ് സെന്ററുകൾ 25/04/2022 തീയതിയിൽ ആരംഭിച്ചിട്ടുണ്ട്. ഇതുമൂലം ഗുണഭോക്താക്കൾക്ക് ദീർഘദൂര യാത്ര ഒഴിവാക്കി അതാതു ജില്ലയിൽ നിന്നു തന്നെ മരുന്ന് ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്.

**നിപ്മർ**

ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ ട്രെയിനിംഗ് ആൻഡ് എംപവർമെന്റ് പ്രോഗ്രാം ഫോർ പാരേന്റ്സ് (STEPS) | 289 |
| 2 | എംപവർമെന്റ് ത്രൂ വോക്കേഷണലൈസേഷൻ (Em-Voc) | 48 |
| 3 | സ്പൈനൽ കോർഡ് ഇഞ്ച്വറി റീഹാബിലിറ്റേഷൻ സെന്റർ | 84 |
| 4 | സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (CPRRC) | 1344 |
| 5 | ഇന്റലെക്ചൽ ആന്റ് ഡെവലപ്പ്മെന്റൽ ഡിസെബിലിറ്റീസ് (IDD) സ്പെഷ്യൽ സ്കൂൾ | 24 |
| 6 | ചൈൽഡ് ഡെവലപ്പ്മെന്റ് ആൻഡ് റിസർച്ച് സെന്റർ (CDRC) | 220 |
| 7 | ഗെയ്റ്റ് ആന്റ് മോഷൻ അനാലിസിസ് ലാബ് | 65 |
| 8 | മോട്ടോർ വെർച്ചൽ റിയാലിറ്റി ബേസ്ഡ് യൂണിറ്റ് (MVRU) | 90 |
| 9 | ന്യൂറോ ഫിസിയോതെറാപ്പി യൂണിറ്റ് | 102 |
| 10 | വീൽ ട്രാൻസ് പ്രോജക്റ്റ് (MLA -SDF) | 27 |
| 11 | പോട്ടറി & സിറാമിക്സ് യൂണിറ്റ് | 70 |
| 12 | റിഹാബ് എക്സ്പ്രസ് | 925 |
| 13 | മ്യൂസിക് ആൻറ് ഡാൻസ് തിയറ്റർ | 160 |
| 14 | എർഗോ ലാബ് | 60 |
| 15 | സാറ്റലൈറ്റ് സെന്റർ അങ്കമാലി | 85 |
| 16 | ദന്ത പരിചരണ വിഭാഗം | 585 |
| 17 | സ്പോർട്സ് ആന്റ് ഗെയിം ആക്ടിവിറ്റി സോൺ | 243 |
| 18 | ഒപ്റ്റോമെട്രി യൂണിറ്റ് | 105 |
| 19 | സിമുലേഷൻ സൂപ്പർ മാർക്കറ്റ് | 201 |
| 20 | ഔട്ട് ഡോർ ആക്സസ്, ആമ്പുലേഷൻ ട്രാക്ക്, അക്വാട്ടിക് റീഹാബ് | 175 |

**കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപറേഷൻ**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന വികലാംഗക്ഷേമ മുഖേന ഭിന്നശേഷക്കാർക്ക് **മെറിഹോം** എന്ന പേരിൽ ഭവന വായ്പ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 50 ലക്ഷം രൂപാ വരെ മിതമായ നിരക്കിൽ വായ്പയായി അനുവദിക്കുന്ന ഈ ഭവന വായ്പാ പദ്ധതിപ്രകാരം നാളിതുവരെ 41 പേർ ക്കായി 4.33 കോടി രൂപാ അനുവദിച്ചിട്ടുണ്ട്.

ഈ സർക്കാർ നിലവിൽ വന്നതിന് സാമൂഹ്യനീതി വകുപ്പ് വഴി **നിഷിൽ** നടത്തുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു

1. ഗാർഹിക വയോജന സേവന മേഖലയിൽ : നിലവിൽ കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വയോജനങ്ങളുമായി ബന്ധപ്പെട്ട ഗാർഹിക സേവന ദാതാക്കളെക്കുറിച്ചും അവർ ലഭ്യമാക്കുന്ന സേവനകളെക്കുറിച്ചും വിവരശേഖരണം നടത്തുക , മേല്പറഞ്ഞ സേവനദാതാക്കളെ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നിയമ നിർമാണം കൊണ്ടുവരുക, വയോജനമേഖലയിൽ നിലവിൽ ജോലിചെയ്തുവരുന്ന വ്യെക്തികൾക്കു geriatric care മേഖലയിൽ പ്രത്യേക പരിശീലനം നൽകി ഈ മേഖലയിലെ മനുഷ്യവിഭവ ശേഷി വർധിപ്പിക്കുക, വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്ന വയോജനങ്ങൾക്ക് ആവശ്യമായ counselling ,theraputics സേവനങ്ങൾ എന്നിവ ഓൺലൈൻ ആയി ലഭ്യമാക്കുക എന്നിവ ഉൾപ്പടെ ഗാർഹിക വയോജന സേവന മേഖലയിൽ മികച്ച സേവനങ്ങൾ ഉറപ്പുവരുത്തുന്നതോടൊപ്പം മുതിർന്ന പൗരന്മാരുടെ വാര്ധക്യകാലം കൂടുതൽ സന്തോഷപ്രദമാക്കുന്നതിനു ലക്ഷ്യം വെച്ചുകൊണ്ട് സാമൂഹ്യനീതിവകുപ്പും സംസ്ഥാന ആസൂത്രണബോർഡും , നിഷും സംയുക്തമായി 2023 -24 സാമ്പത്തിക വർഷത്തിൽ പുതുതായി ഒരു പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്

2. **NISH** ഓൺലൈൻ ഇന്ററാക്ടീവ് ഡിസബിലിറ്റി അവബോധ ബോധവൽക്കരണ സെമിനാർ **(NIDAS)** ലോകമെമ്പാടുമുള്ള വൈകല്യബാധിതരായവരുടെമാതാപിതാക്കളെയും പരിചരിക്കുന്നവരെയും സഹായിക്കുന്നു. : NIDAS 2015 ൽ ആരംഭിച്ചു. സാമൂഹ്യ നീതി ഡയറക്ടറേറ്റിന്റെ ധനസഹായമായത്തോടു കൂടി തുടരുന്ന പദ്ധതിയാണ്. വൈകല്യങ്ങൾക്കുള്ള അവബോധം, സെൻസിറ്റൈസേഷൻ, പ്രസിദ്ധീകരണം എന്നിവയാണ് NIDAS കേന്ദ്രീകരിച്ച മേഖലകൾ. എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച ഓൺലൈനിൽ ഈ പരിപാടി സംപ്രേഷണം ചെയ്തു വരുന്നു. പതിന്നാലു ജില്ലകളിലെ DCPU വഴി ഈ സംപ്രേഷണം നൽകിവരുന്നു

3. RPWD ആക്ട് (2016) - പോസ്റ്റ് ഐഡന്റിഫിക്കേഷൻ, 4% റിസർവേഷൻ സംസ്ഥാന സർക്കാരിനു വേണ്ടി ചെയ്യുന്ന പദ്ധതി: RPWD ആക്ട് (2016) അനുസരിച്ച് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ഗുണനിലവാരമുള്ള മാനദണ്ഡങ്ങൾ ക്രമീകരിക്കുന്നതിനും ബെഞ്ച്മാർക്ക് വൈകല്യമുള്ള വ്യക്തികൾക്കായി വിവിധ തസ്തികകൾക്കെതിരായ പ്രവർത്തന ആവശ്യകതകൾ ക്രമീകരിക്കുന്നതിനും വേണ്ടി പ്രവർത്തിച്ചു വരുന്നു.

**4.** സെൻറ്റർ ഫോർ റിസർച്ച് ഇൻ കമ്മ്യൂണിക്കേഷൻ സയൻസ് : കേരളത്തിൽ ഏകദേശം പത്ത് ശതമാനം ആളുകളിൽ ആശയവിനിമയ സംബന്ധമായ പ്രശ്നങ്ങൾ കണ്ടു വരുന്നു. അതിനാൽ ഇവരുടെ രോഗനിർണയത്തിനും പുനരധിവാസത്തിനും, തുടർന്നുള്ള ശാരീരികവും ബുദ്ധിപരവുമായ മാറ്റങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി, വിദഗ്ധവും മികവുറ്റതുമായ, നൂതനസാങ്കേതിക മാർഗ്ഗങ്ങൾ ലഭ്യമാക്കുന്നു. ഈ ദിശയിലുള്ള പഠനങ്ങളും കണ്ടെത്തലുകളും ഇവരെ സമൂഹത്തിനു മുതൽക്കൂട്ടായി വാർത്തെടുക്കാൻ സഹായിക്കുന്നതാണ്. ഇതിനായുള്ള ഗവേഷണശാല പ്രവർത്തിച്ചുവരുന്നു.

**5.**നിഷ്- സെൻസറി പാർക്ക് 'സഫൽ സെൻസറിയം ഫെഡറൽ ബാങ്കിൻറെ ധനസഹായം ഉപയോഗിച്ച് ശ്രീ ചിത്രയുമായി സംയുക്തമായി ചേർന്ന് ചെയ്യുന്ന പദ്ധതി. : ഇന്ദ്രിയാധിഷ്ഠിതമായ ഒരു പഠനരീതിയാണ് ആണ് സെൻസറി പാർക്ക് എന്ന ആശയത്തിലൂടെ NISH മുന്നോട്ടുവയ്ക്കുന്നത്. ശാരീരിക/മാനസിക വെല്ലുവിളികളെ നേരിടുന്ന കുട്ടികൾക്കായി പ്രകൃതിയോട് ഇണങ്ങി നിൽക്കുന്ന തരത്തിലുള്ള വിവിധ കളികളിലൂടെ ചലനശേഷി മെച്ചപ്പെടുത്താനും, മാനസിക-സാമൂഹിക വളർച്ചയെ ത്വരിതപ്പെടുത്താനും വേണ്ടിയുള്ള നൂതന സാമഗ്രികൾ സഫൽ സെൻസറിയത്തിൽ ഒരുക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ സമ്പൂർണ സുരക്ഷയ്ക്കായുള്ള മുൻകരുതലുകലും പാർക്കിൽ ചെയ്തിട്ടുണ്ട്

6.സെൻറർ ഫോർ അസിസ്റ്റീവ് ടെക്നോളോജി ആൻഡ് ഇന്നോവേഷന്റെ നാഷണൽ സെന്റർ ഫോർ അസിസ്റ്റീവ് ഹെൽത്ത് ടെക്നോളജി : അസിസ്റ്റീവ് ടെക്നോളോജിയിൽ രാജ്യത്തെ ഒരു സുപ്രധാനമായ ശ്രമമാണിത്. അസിസ്റ്റീവ് ടെക്നോളോജിയിൽ ഇന്ത്യയിലെ തന്നെ ആദ്യത്തെ സർട്ടിഫിക്കറ്റ് പ്രോഗ്രാം കഴിഞ്ഞ രണ്ടു വർഷമായി സംഘടിപ്പിച്ചു വരുന്നു.

ഭിന്നശേഷിക്കാരിൽ അസിസ്റ്റീവ് ടെക്നോളജി ഉപകരണങ്ങളെ കുറിച്ചുള്ള അവബോധം വളർത്താനും, സഹായ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുവാനും അതിലൂടെ അവരെ സ്വയം പര്യാപ്തരാകാൻ സഹായിക്കുകയുമാണ് നിഷ് വിഭാവനം ചെയ്യുന്ന, നാഷണൽ സെന്റർ ഫോർ അസിസ്റ്റീവ് ഹെൽത്ത് ടെക്നോളജി (NCAHT) യുടെ ലക്ഷ്യം. കേരളത്തിലെ ആദ്യത്തെ മോഡൽ അസിസ്റ്റീവ് ടെക്നോളജി സെന്ററാണ്.

എല്ലാ പ്രായക്കാരുടേയും ആവശ്യകതയെ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തൽ, വികസനം, ഓരോ വ്യക്തിക്കും തല്പരമായ ഭേദഗതികൾ വരുത്തൽ, നിർമ്മിത ബുദ്ധിയെ അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ ഫലപ്രദമായി നടപ്പിലാക്കൽ എന്നിവ സെൻററിൻറെ ലക്ഷ്യങ്ങളാണ്. ഒരു മൾട്ടി ഡിസിപ്ലിനറി ടീമിന്റെ സഹായത്തോടെ കേരളത്തിലെ എല്ലാ ജില്ലകളിലും ഈ കേന്ദ്രം അതിന്റെ സേവനങ്ങൾ വിപുലീകരിക്കുന്നതിനായി ATNAC എന്ന വെബ്സൈറ്റ് രൂപീകരിച്ചു

7 . ആക്സസിബിൾ ബുക്ക് ക്രീയേഷൻ : പലതരം ഭിന്നശേഷിക്കാർക്ക് ഒരുപോലെ ഉപയോഗമാകും വിധം കഥാപുസ്തകങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് കേരളാ സാമൂഹ്യ നീതി വകുപ്പ് വകുപ്പുമായി ചേർന്ന് നടപ്പിലാക്കിയിട്ടുള്ള പദ്ധതി